# ഇശൽ
# പൈതൃകം

ത്രൈമാസിക ലക്കം: 41

# Ishal Paithrkam

Online issue 26 print issue 41 March 2025

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2025

ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 41
2025 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി
**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ
**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC CARE indexed
Quarterly
Bilingual
Issue: 41
Online issue: 26
March: 2025
all rights reserved

**Editor**
Dr. Shamshad hussain. KT

Printed @
LIPI Offset
Malappuram

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

# Locality and Resistance in Translation: The Genealogy of Bible Translations in Malayalam

## (Observations based on Udayamperoor sunahadosinte kanonakal, Varthamanapustakam and Yakkovayekkarerude thudamanam )

**Toms Joseph**

Every piece of literature may possess varied objectives contingent upon its intended audience. Similarly, the presence of numerous translations of a single text within a singular language may signify disparate aims. In the context of translating works of literary and religious significance, the ideological and political context assumes paramount importance. Through the interpretive frameworks of experience, locality, and resistance, this study endeavors to elucidate the cultural values inherent in the early Malayalam translations of the Bible. This article examines the cultural values and translational dynamics inherent in early Malayalam translations of the Bible. But it does not rely on renowned biblical translation movements in Malayalam. Instead, it focuses on three Malayalam texts that emerged within the Kerala Christian context: The Acts and Decrees of the Synod of Diamper, the Varthamanapustakam, and the Yakkovayekkarerude thudamanam. Despite their differences in time and purpose, these texts exhibit a significant assimilation of biblical context. Notably, numerous biblical citations are evident in these works, which predate the first Malayalam Bible translation. This article aims to provide a critical examination of these biblical citations and the pervasive biblical worldviews present in these texts.

Through an experiential and cultural lens, this research inves-

tigates the intersection of biblical tradition and indigenous cultures, highlighting the complex dynamics of persuasion and resistance. By exploring the translational models employed in these texts, this study sheds light on the ways in which cultural values and power dynamics shape the translation process.

**Keywords:** Translation, Formal equivalence, Locality, Inculturation, Experience, Resistance.

**Bibliography:**

Attel, E. (2010). Vedatharkkathinte bhashasasthra bhoomika. Carmel Publishing House.

Jayasukumaran. (2011). Bangali Novelukal Malayalatthil: Vivarthanapatanathinte Siddhanthavum Prayogavum. Tharathamya Patana Sangham.

Krishnankutty, K. P. (2019). Vivarthanathinte Rashtriyavum Rashtriyathinte Vivarthanavum. Kerala Bhasha Institute.

Mekkattukunnel, A. & Puthukulangara, J. (2011). Vedapusthakam Varthamanapusthakathil. OIRSI.

Mekkattukunnel, A. (Ed.). (2012). Mar Thoma Margam: The Ecclesial Heritage of St. Thomas Christians. OIRSI.

Pallath, P. (2010). The Catholic Church in India. OIRSI.

Paremmakkal, G. (1989). Varthamanapusthakam. OIRSI.

Zacharia, S. (Ed.). (1998). Udayamperoor Soonahadosinte Canonakal. Indian Institute of Christian Studies.

Zacharia, S. (2019). Malayala Vazhikal - 1 & 2: Scaria Zachariayude Theranjedutha Prabandhagalu. SPCS.

Thambi, R. (2009). Bibilum Malayalavum. Christian Literature Society.

Thomas, B. (1992). Marthoma Kristhyanikal. Pellisseri Publications.

Thomas, P. J. (1961). Malayalasahithyavum Kristhyanikalum. SPCS.

**Toms Joseph**
Asst. Professor
Department of Malayalam
St Berchmans College
Changanassery
Pin: 686101
India
Ph: +91 9526495868
Email: tomsjosephtjk@gmail.com
ORCID: 0009-0002-7151-4255

ISSN:2582-550X

# തദ്ദേശീയതയും പ്രതിരോധവും തർജ്ജമയിൽ: ബൈബിൾ തർജ്ജമയുടെ മലയാളവഴികൾ
## (ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ, വർത്തമാനപ്പുസ്തകം, യാക്കോവായേക്കാരേരുടെ തുടമാനം എന്നിവ മുൻനിർത്തി ചില നിരീക്ഷണങ്ങൾ)

റ്റോംസ് ജോസഫ്

ഓരോ കൃതിക്കും ലക്ഷ്യസമൂഹത്തെ മുൻനിർത്തി ഭിന്നലക്ഷ്യങ്ങളുണ്ടാകാം. ഒരേ കൃതിക്ക് ഒരു ഭാഷയിൽ ഭിന്നതർജ്ജമകളുണ്ടാകുന്നതും ഭിന്നലക്ഷ്യങ്ങളെ മുൻനിർത്തിയാകാം. ബൈബിൾ പോലെ സാഹിതീയവും മതപരവുമൊക്കെയായ പ്രാധാന്യങ്ങളുള്ള കൃതിയുടെ തർജ്ജമകളിൽ പ്രത്യയശാസ്ത്രവും രാഷ്ട്രീയവുമടക്കം സുപ്രധാനമാകുന്നു. ബൈബിൾ തർജ്ജമയുടെ ചില പൂർവ്വമാതൃകകളെ അനുഭവാത്മകത, തദ്ദേശീയത, പ്രതിരോധം തുടങ്ങിയ സങ്കല്പനങ്ങളിലൂന്നി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം. തർജ്ജമയുടെ സാംസ്കാരികമൂല്യത്തെ തിരിച്ചറിഞ്ഞടയാളപ്പെടുത്തലായി തീരുന്നുമുണ്ട് ഈ അന്വേഷണം.

ബൈബിൾ വിവർത്തനങ്ങളെന്ന നിലയിൽ പ്രഖ്യാതമായ ഉദ്യമങ്ങളെ ആധാരമാക്കിയല്ല ഈ ലേഖനം ക്രമപ്പെടുത്തിയിരിക്കുന്നത്. കേരള ക്രൈസ്തവാന്തരീക്ഷത്തിൽ രൂപപ്പെട്ടതും മലയാളഭാഷയിലുള്ളതുമായ മൂന്നു ഗ്രന്ഥങ്ങൾ - ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ, വർത്തമാനപ്പുസ്തകം, യാക്കോവായേക്കാരേരുടെ തുടമാനം - കാലത്തിലും ലക്ഷ്യത്തിലും ഭിന്നമായിരിക്കുമ്പോഴും ബൈബിൾ പശ്ചാത്തലത്തെ വലിയ തോതിൽ സ്വാംശീകരിച്ചിട്ടുണ്ട്. മലയാളത്തിൽ ഒരു ബൈബിൾ തർജ്ജമ രൂപപ്പെടുംമുമ്പു വിരചിതമായ ഈ ഗ്രന്ഥങ്ങളിൽ ധാരാളം

ബൈബിൾ ഉദ്ധരണികൾ ദൃശ്യമാണ്. ഈ ഉദ്ധരണികളുടെയും ഈ കൃതികളിലാകെ പടർന്നിരിക്കുന്ന ബൈബിൾ ലോകത്തിന്റെയും വിമർശനാത്മക വിശകലനമാണ് ഈ പ്രബന്ധം ലക്ഷ്യമിടുന്നത്.

ഈ കൃതികളിലെ ബൈബിൾ ഉദ്ധരണികളെ മുൻനിർത്തി അനുഭവാത്മകതയിലൂന്നി തർജ്ജമയെ വിലയിരുത്തുവാനുള്ള ശ്രമം പ്രബന്ധത്തിന്റെ ആദ്യഭാഗത്തുണ്ട്. അനുഭവതീവ്രത വിവരണ ങ്ങളിൽ ഉറപ്പാക്കാനുള്ള ഉപാധിയെന്ന നിലയിൽ തർജ്ജമയെ ഉപയോഗിച്ചിരിക്കുന്നതിന്റെ മാതൃകകൾ ഇവിടെ കണ്ടെടുക്കപ്പെ ടുന്നു. ദൈവനിവേശിതമായ വിശുദ്ധ ഗ്രന്ഥം തദ്ദേശീയ ഭാഷകളിലേക്കും സംസ്ക്കാരങ്ങളിലേക്കും സംക്രമിച്ചപ്പോൾ സംഭവിച്ച സാംസ്ക്കാരികാനുരൂപണത്തെ വിശകലനവിധേയമാ ക്കുന്നു പ്രബന്ധത്തിന്റെ രണ്ടാം ഭാഗത്ത്. തർജ്ജമമാതൃകകളിൽ പ്രകടമാകുന്ന തദ്ദേശീയത അനുനയത്തിന്റെയും പ്രതിരോധത്തിന്റെ യും ഭാവങ്ങളുൾപ്പേറുന്നതെങ്ങനെയെന്ന അന്വേഷണങ്ങളാണ് തുടർന്നുള്ള ഭാഗങ്ങൾ.

**താക്കോൽവാക്കുകൾ:** വിവർത്തനപ്രക്രിയ, പദാനുപദയുക്തി, ത ദ്ദേശീയത, സാംസ്ക്കാരികാനുരൂപണം, അനുഭവാത്മകത, പ്രതിരോ ധം.

**ആമുഖം**

ബൈബിൾ മലയാളവിവർത്തനചരിത്രങ്ങൾ പൊതുവിൽ ആരംഭിക്കുന്നത് 1811-ൽ ബോംബെയിലെ കൂറിയർ പ്രസിൽനിന്നു പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിനെ പരാമർശിച്ചുകൊണ്ടാണ്. ഇതിന്റെ തുടർച്ചയിൽ *ബെയിലി ബൈബിൾ, ഗുണ്ടർട്ടു ബൈബിൾ, ഐക്യവിവർത്തനം, സത്യവേദപുസ്തകം, മഞ്ഞുമ്മേൽ ബൈബിൾ, മാന്നാനം ബൈബിൾ, മൂത്തേടൻ പരിഭാഷ, പി.ഒ.സി. ബൈബിൾ* തുടങ്ങി ഒട്ടനേകം പരിഭാഷാശ്രമങ്ങളും അടയാളപ്പെടുത്തപ്പെടുന്നു. ബൈബിളിനെയോ അതിലെ ഏതെങ്കിലും പുസ്തകത്തെയോ പൂർ ണമായി ഭാഷാന്തരപ്പെടുത്തുന്നു എന്നതിലൂന്നിയാണ് ഇത്തരമൊ രു തിരഞ്ഞെടുപ്പ് സാധിച്ചിരിക്കുന്നതെന്നു വ്യക്തമാണ്. എന്നാൽ ബൈബിൾ മലയാളതർജ്ജമയുടെ ഭാഷാപരവും സാംസ്ക്കാരിക വുമായ വിശകലനങ്ങൾക്ക് ഉദ്യമിക്കുമ്പോൾ കുറച്ചുകൂടി വിശാല മായ നോട്ടങ്ങളാവശ്യമാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യതി രിക്ത ലക്ഷ്യങ്ങളോടെ ബൈബിൾഭാഗങ്ങൾ വിവർത്തനം ചെയ് തുപയോഗിച്ചിരുന്നതിന്റെ തെളിവുകൾ സുലഭമായിരിക്കേ ബൈ ബിൾ മലയാളതർജ്ജമയുടെ പൂർവ്വമാതൃകകളായി ഇവയെ പരിഗ

ണിച്ച് അപഗ്രഥിക്കാവുന്നതാണ്. മലയാള ക്രൈസ്തവരേഖകളിൽ പഴമയും പ്രാധാന്യവും മുൻനിർത്തി *ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ* (1599), *യാക്കോവായേക്കാരേരുടെ തുടമാനം*, *വർത്തമാനപ്പുസ്തകം* (1785) എന്നിവയിലെ ബൈബിൾ ഉദ്ധരണികളെ ഇവിടെ വിശകലനവിധേയമാക്കുന്നു.

ബൈബിളിനെ പ്രാപ്യമോ[1] പരിചിതമോ ആക്കുകയല്ല ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലെ ബൈബിൾ വിവർത്തനസംരംഭത്തിന്റെ ലക്ഷ്യം[2]. മാർത്തോമ്മാനസ്രാണികളെ വിശ്വാസപരമായി തിരുത്തുകയും തങ്ങളുടെ പ്രബോധനങ്ങളെ ഉറപ്പിക്കുകയും ചെയ്യുന്നതിനൊപ്പം വിശ്വാസേതരമായ കാര്യങ്ങളിലും തങ്ങളുടെ താത്പര്യങ്ങൾക്കു മറപിടിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ബൈബിൾ വചനങ്ങൾ ഇവിടെ തർജ്ജമ ചെയ്തുപയോഗിക്കുന്നത്. മതകോളനീകരണത്തെത്തുടർന്ന് തദ്ദേശീയസഭയിൽ ഉടലെടുത്ത 'വന്തിയും പവുതിയും അയർച്ചയും' നീക്കിക്കളയുവാനുള്ള യത്നങ്ങളുടെ ഭാഗമായി കരിയാറ്റി യൗസേപ്പ് മല്പാനും പാറേമാക്കൽ തോമ്മാക്കത്തനാരും നടത്തിയ എട്ടുവർഷം നീണ്ട റോമായാത്രയുടെ വിവരണമായ വർത്തമാനപ്പുസ്തകം അധിനിവേശത്തോടുള്ള പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും അലകൾ പേറുന്നുണ്ട്. ഈ പ്രതിരോധാഖ്യാനത്തിന് ഉപോത്ബലകമായി ബൈബിൾഭാഗങ്ങൾ ഉപയുക്തമാക്കുന്നു. 1653-ലെ കൂനൻകുരിശുസത്യത്തോടെ പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടായി പിരിയുന്ന കേരളക്രൈസ്തവർ തങ്ങളുടെ വിശ്വാസപക്ഷത്തെ ന്യായീകരിക്കുന്നതിലും ശ്രദ്ധാലുക്കളായി. ഈ പശ്ചാത്തലത്തിൽ രൂപമെടുത്ത യാക്കോവായേക്കാരേരുടെ തുടമാനമെന്ന കൃതി[3] ദൈവശാസ്ത്രസംബന്ധിയായ പ്രതിരോധത്തിന്റെയും ന്യായീകരണത്തിന്റെയും യുക്തികളിലൂന്നുന്നു.

**1. തർജ്ജമയും അനുഭവവും**

അറിവിനെയോ അനുഭവത്തെയോ ആശയത്തെയോ ഒക്കെ ഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനെത്തന്നെ വിവർത്തനങ്ങളായി കരുതാവുന്നതാണ്. സംവേദനശൃംഖലയിലെ ഇണക്കുകണ്ണിയായി അനുഭവം ഉപയുക്തമാക്കപ്പെടുന്നു. ജീവിതാനുഭവങ്ങളെ സംവേദനം ചെയ്യുന്ന സാഹിത്യതന്ത്രങ്ങളുടെ ഭാഗമായി വിവർത്തനങ്ങൾ മാറുന്നു. "ഓരോരോ വ്യവസ്ഥകൾ രൂപപ്പെടുത്തി അതിനുള്ളിലാണ് സംവേദനപ്പൊരുൾ പ്രകടമാകുന്നത്. വക്താവും ശ്രോതാവും പരിസ്ഥിതിയും പങ്കെടുക്കുന്ന പ്രക്രിയയിലൂടെയാണ് സംവേദന

മൂല്യം ഉണ്ടാകുന്നത്."[4] അനുഭവാവിഷ്ക്കരണ മാധ്യമമെന്ന ഉപകരണനില വിവർത്തനത്തിനു കൈവരുകയും വിനിമയമൂല്യം ഉറപ്പാക്കുന്ന വ്യവസ്ഥയായി അതു പരിണമിക്കുകയും ചെയ്യുന്നു.

**1. 1. തർജ്ജമയെന്ന അനുഭവം**

"വിജ്ഞാനങ്ങളെ വേർതിരിക്കാൻ അതിരുകളില്ലാതിരുന്ന കാലത്ത്, ഗ്രീക്കുദാർശനികാചാര്യനാൽ വിരചിതമായ ഇത്തരമൊരു കൃതിയിൽനിന്നും ഒരുവന്റെ രുചിഭേദങ്ങൾക്കനുസൃതമായി അറിവു നുകരുകയും നുണയുകയും ചെയ്യുന്ന പ്രവൃത്തിയെ വിവർത്തനം, വ്യാഖ്യാനം, പഠനം ഇവയിൽ ഏതെങ്കിലും ഒന്നിന്റെ നിർവ്വചനത്തിൽ ഉൾക്കൊള്ളിക്കാനാകില്ല. മറിച്ച്, ഈ സംരംഭത്തെ അനുഭവം എന്നു വിളിക്കുന്നതാകും ഉത്തമം."[5]

പ്ലേറ്റോയുടെ തെയിറ്റീറ്റസ് എന്ന രചനയ്ക്കു മലയാളതർജ്ജമയൊരുക്കിയ ഡി. രാജേന്ദ്രൻ തർജ്ജമപ്രക്രിയയെ അടയാളപ്പെടുന്നത് ഇപ്രകാരമാണ്. തർജ്ജമയെന്നതു യാന്ത്രികവൃത്തിയായി ചുരുങ്ങാതെ പരിഭാഷകകർത്തൃത്വം സക്രിയമായി ഇടപെടുന്നതിന്റെ സൂചനകൾ ഇവിടെ തെളിയുന്നു. തർജ്ജമ കേവലഭാഷാന്തരമെന്ന നിലവിട്ടുയരുന്നു; അനുഭവാത്മകവൃത്തിയായി പരിണമിക്കുന്നു. മൂലപാഠത്തിൽനിന്നും ലക്ഷ്യപാഠത്തിലേക്കുള്ള പരിവർത്തനത്തിൽ ഈ വേർതിരിവിനെ അപ്രസക്തമാക്കുംവിധം പരിഭാഷകകർത്തൃത്വം ഇടപെടലുകൾ സാധ്യമാക്കുന്നു. ഇത്തരത്തിൽ മൂലപാഠത്തിനുള്ളിലേക്കു ലക്ഷ്യസമൂഹത്തെയും പരിഭാഷകസ്വത്വത്തെയും പ്രതിഷ്ഠിച്ചുകൊണ്ട് ലക്ഷ്യപാഠത്തിന് ഉരുവമേകുന്ന ശൈലി വർത്തമാനപ്പുസ്തകത്തിലെ ബൈബിൾ ഉദ്ധരണികളുടെ സ്വഭാവമാകുന്നുണ്ട്. ബൈബിൾലോകത്തേക്ക് -വിശ്വാസിയെ സംബന്ധിച്ചിടത്തോളം രക്ഷാകരചരിത്രത്തിലേക്ക്- സ്വയം ചേർത്തുനിർത്തപ്പെടുന്ന അനുഭവം. മാർത്തോമ്മാനസ്രാണികളെ കബളിപ്പിച്ചവർക്ക് ഇസ്രായേൽ രാജകുടുംബത്തെ കൊന്ന 'അത്താല്യ' എന്ന ദുഷ്ടസ്ത്രീയുടെ ദൈന്യാവസ്ഥയാണുണ്ടാവുക എന്ന വിധിപ്രസ്താവന നടത്തുന്ന വർത്തമാനപ്പുസ്തകകാരൻ, ഇതേ സമുദായത്തിനെതിരെ പ്രവർത്തിച്ച മനുഷ്യർ ദുഷ്ടനായ ആഹാബും കുടുംബവും സംഹരിക്കപ്പെട്ടത് ഓർമ്മിക്കണമെന്ന നിർദ്ദേശവുമേകുന്നു. ഗ്രന്ഥകാരനായ പാറേമ്മാക്കലിനും സഹയാത്രികൻ കരിയാറ്റിക്കുമെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചവർക്ക് ഇസ്രയേലിനെതിരെ സംസാരിച്ചതുകൊണ്ട് അന്ധരാക്കപ്പെട്ട സിറിയാക്കാരുടെ ഗതി വരുമെന്നോർപ്പിക്കുകയും ഇവർക്കെതിരെ

ISSN:2582-550X

പോർട്ടുഗലിലേക്കും റോമായിലേക്കും എഴുതിയവർക്ക് എസ്തേറിന്റെ പുസ്തകത്തിൽ പറയുന്ന ഹാമാന്റെ അനുഭവമാണ് ഉണ്ടാവുകയെന്ന മുന്നറിയിപ്പേകുകയും ചെയ്യുന്നു.[7]

**1.2. അനുഭവാഖ്യാനത്തിൽ തർജ്ജമ**

വസ്തുതകളെ നിർവൈയക്തികവും അലങ്കാരശൂന്യവുമായി അവതരിപ്പിക്കുന്ന ഗദ്യശൈലിയുടെ വക്താക്കളാണ് മിഷണറിമാരെന്നും ഇവരുടെ ഇടപെടൽ വികാരസംവേദനത്തിനും വിജ്ഞാനസംക്രമണത്തിനും ഉതകുന്ന ഭാഷാവൈവിധ്യത്തെ മലയാളത്തിൽ നിന്നു നീക്കിക്കളഞ്ഞുവെന്നുമുള്ള വിമർശനങ്ങളുണ്ട്.[8] എന്നാൽ വൈയക്തികാനുഭവങ്ങളുടെ ആഖ്യാനമെന്നനിലയിൽ വർത്തമാനപ്പുസ്തകം ഇത്തരം വിമർശനങ്ങളുടെ മുനയൊടിക്കുന്നു. അനുഭവാത്മകതയിലുള്ള ഊന്നൽ എഴുത്തിൽ വർത്തമാനപ്പുസ്തകകാരന്റെ സവിശേഷ നിഷ്ഠയാണ്. "...ആയതിന്റെ അവസ്ഥ അറിയുന്നതിനാൽ നമ്മുടെ ജനങ്ങൾക്കും പാരം പ്രസാദമായിരിക്കുന്നതിനെക്കൊണ്ടു ആയതിന്റെ പ്രകാരം കണ്ടപൊലെ ഇവിടെ എഴുതുകയും ചെയ്യുന്നു"[9], "...കണ്ടതുപൊലെ നമ്മുടെ ജനങ്ങളുടെ അറിവിനായിട്ടു ഇവിടെ എഴുതുകയും ചെയ്യുന്നു"[10] എന്നിങ്ങനെ തന്റെ കാഴ്ചാനുഭവത്തെ ജനത്തിനു പകരുകയെന്ന എഴുത്തുദ്ദേശ്യം ഇടയ്ക്കിടെ അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്.[11]

അനുഭവതീവ്രത അടയാളപ്പെടുത്താൻ ജീവിതാവസ്ഥകളെ ബൈബിൾ സന്ദർഭങ്ങളിലേക്കു പറിച്ചുനടുന്ന, പകർത്തിവെക്കുന്ന ശൈലി വർത്തമാനപ്പുസ്തകകാരൻ നിരന്തരം പിൻപറ്റുന്നു. "സ്വാനുഭവങ്ങളുടെ സംവേദനം തീക്ഷ്ണതരമാക്കാൻ ഗ്രന്ഥകാരൻ ബൈബിൾശൈലി കടമെടുക്കുന്ന പതിവുണ്ട്. യാത്രയ്ക്കിടയിൽ ദൗത്യസംഘം നേരിടുന്ന ആപത്ഘട്ടങ്ങൾ വിവരിക്കേണ്ടിവരുമ്പോളാണ് ശൈലീപരമായ ഈ ആധമർണ്യം. ലിസ്ബണിൽ നിന്നുള്ള മടക്കയാത്രയ്ക്കിടെ ഉണ്ടായ കൊടുങ്കാറ്റും അനുബന്ധ പ്രശ്നങ്ങളും[12] പൗലോസിന്റെ സാഹസികമായ കപ്പൽയാത്രയും പ്രതിസന്ധികളും വിവരിക്കുന്ന നടപടിപുസ്തകത്തിലെ[13] അതേ ശൈലിയിലാണ് അദ്ദേഹം അവതരിപ്പിക്കുന്നത്."[14] മാർത്തോമ്മാനസ്രാണികൾ വിദേശമിഷണറിമാരുടെ ഭരണത്തിൻകീഴിൽ അനുഭവിച്ച യാതനകളെ അദ്ദേഹം ഇസ്രായേൽക്കാർ മെസ്രേനിൽ (ഈജിപ്ത്) അനുഭവിച്ച അടിമത്തവുമായി താരതമ്യപ്പെടുത്തി അവതരിപ്പിക്കുമ്പോൾ ബൈബിൾലോകം പരിചിതമായ വിദേശീയർക്കുപോലും തദ്ദേശീയരനുഭവിച്ച കഷ്ടതകളുടെ കാഠിന്യം വെളിവാകും.

**2. തദ്ദേശീയ ദൈവശാസ്ത്രം**

ദൈവശാസ്ത്രത്തെ ഒരു സൈദ്ധാന്തികവ്യവഹാരമായി തിരിച്ചറിയാനോ വികസിപ്പിക്കാനോ മാർത്തോമ്മാനസ്രാണികൾക്കു കഴിഞ്ഞില്ലെന്ന വാദങ്ങൾ പ്രബലമാണ്. എന്നാൽ ബൈബിളറിവിനെ ജീവിതത്തിലേക്കു സന്നിവേശിപ്പിക്കുന്ന ദൈവശാസ്ത്രത്തിന്റെ കർമ്മപദ്ധതി വർത്തമാനപ്പുസ്തകത്തിലും യാക്കോവായേക്കാരേരുടെ തുടമാനത്തിലുമുണ്ട്. "ദൈവശാസ്ത്രമെന്നതു വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും വ്യക്തി-സമൂഹജീവിതങ്ങളുടെയും ഒന്നിച്ചൊഴുകലും വളർച്ചയുമാണെന്ന കാഴ്ചപ്പാടാണ് പിതാക്കന്മാരുടെ സവിശേഷത. പാറേമ്മാക്കലിന്റെ കാഴ്ചപ്പാടും മറ്റൊന്നല്ല എന്നതിനു മികച്ച തെളിവാണ് വർത്തമാനപ്പുസ്തകം."[15]

ദൈവശാസ്ത്രതത്ത്വങ്ങളുടെ വിചാരവും വിശകലനവുമെന്ന നിലയിൽ യാക്കോവായേക്കാരേരുടെ തുടമാനം പ്രസക്തമാണ്. എന്നാൽ തദ്ദേശീയ ദൈവശാസ്ത്രനിർമ്മിതി ഇവിടെ ഗ്രന്ഥകാരന്റെ ലക്ഷ്യമല്ല. ക്രൈസ്തവ വിശ്വാസത്തിലെ വ്യത്യസ്ത ധാരകളിൽ കത്തോലിക്കാമാർഗത്തിന്റെ 'ശ്രേഷ്ഠത'യിലുള്ള ഊന്നലോടെ അവതരിപ്പിക്കപ്പെടുന്ന സഭാവിജ്ഞാനീയം (Ecclesiology) യാക്കോവായേക്കാരേരുടെ തുടമാനത്തിലാകെയുണ്ട്. "മ്ശിഹായിക്ക ഒരു സത്തിയാവേദമേ ഒള്ളു"[16] എന്നതാണു ഒന്നാം കാണ്ഡത്തിന്റെ വിഷയമെങ്കിൽ ഈ സത്യമാർഗ്ഗമായ കത്തോലിക്കാപള്ളി റോമാപള്ളിയാണെന്നു ("റോമാപള്ളി മ്ശിഹാടേ ശുത്തമാനാ കാതോലിക്കാപള്ളി ആകുന്നത"[17]) മൂന്നാം കാണ്ഡത്തിൽ താർക്കിക യുക്തിയിൽ സ്പഷ്ടമാക്കുന്നു.

യാക്കോവായേക്കാരേരുടെ തുടമാനത്തിന്റെ രചയിതാവ് കത്തോലിക്കാസഭയുടെ ഔദ്യോഗിക ദൈവശാസ്ത്രത്തിന്റെ വക്താവാണ്. "വേദഗ്രന്ഥവിജ്ഞാനീയത്തിലും ദൈവശാസ്ത്രത്തിലും നിഷ്ണാതനായ പ്രതിഭാശാലിയാണ് ഗ്രന്ഥകാരനെന്നു തർക്കമില്ലാതെ ഉറപ്പിക്കാവുന്ന"[18] രചനാശൈലി യാക്കോവായേക്കാരേരുടെ തുടമാനത്തിനുണ്ട്. ഈ ഔദ്യോഗിക പ്രബോധനം യൂറോപ്പിന്റേതും റോമാപ്പള്ളിയുടേതുമായി ഭവിച്ചതിന്റെ രാഷ്ട്രീയത്തെയും തിരിച്ചറിയാനാകണം. ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലാകട്ടെ നിയമഗ്രന്ഥത്തിന്റെ മുറുക്കം ബൈബിൾ ഉദ്ധരണികളിലും നിറയുന്നു. പ്രവൃത്തികളിന്മേലുള്ള നിയന്ത്രണശബ്ദമായാണ് ഉദയമ്പേരൂർ സൂനഹദോസിൽ ബൈബിൾ ഉദ്ധരണികൾ പ്രത്യക്ഷപ്പെടുന്നത്. വൈദേശിക ദൈവശാസ്ത്രപാഠത്തെ തദ്ദേശീയ ഭാഷയു

ടെയും സംസ്ക്കാരത്തിന്റെയും യുക്തികളിൽ പകർത്തിയ ശൈലികൾ വിശകലനവിധേയമാക്കാവുന്നതാണ്.

**3. ഒരേ ലക്ഷ്യം ഭിന്നമാർഗ്ഗം**

മാർഗ്ഗത്തിലെ വ്യതിരിക്തത വർത്തമാനപ്പുസ്തകത്തിന്റെയും യാക്കോവായേക്കാരേരുടെ തുടമാനത്തിന്റെയും സമീപനങ്ങളെ നിർണയിക്കുന്നുണ്ട്. പുത്തൻകൂറും പഴയകൂറും തമ്മിലുള്ള രഞ്ജിപ്പിനുദ്യമിക്കുമ്പോഴും രണ്ടു മാർഗ്ഗങ്ങളിൽ രണ്ടു ദിശകളിലൂടെയാണീ ഗ്രന്ഥങ്ങൾ സഞ്ചരിക്കുന്നത്. ഈ രഞ്ജിപ്പിലേക്കു പുത്തൻകൂറുകാറെ നിർബന്ധിക്കുകയാണ് യാക്കോവായേക്കാരേരുടെ തുടമാന രചയിതാവ്. "സംവാദബോധനരീതിയിലൂടെ ("പുത്തെൻ പക്ഷക്കാരന്റെയും പഴെനെലക്കാരന്റെയും എടെയിലുള്ള വേദാചോത്തിയങ്ങെള..."[19]) പഴയകൂറുകാരന്റെ ഉറച്ച നിലപാടുതറയിലേക്ക് പുത്തൻകൂറുകാരനെ അടുപ്പിക്കാനുള്ള യത്നമാണ് ഗ്രന്ഥത്തിൽ കാണുന്നത്."[20] വർത്തമാനപ്പുസ്തകമാകട്ടെ ഈ ഒന്നിപ്പിനു മതാധികാരവഴികളെ ആശ്രയിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഇരുവിഭാഗങ്ങൾക്കിടയിൽ വിലങ്ങുതടിയാകുന്ന വിദേശമിഷണറിമാരുടെ ഇടപെടലുകളെ നിയന്ത്രിക്കുകയും മറികടക്കുകയുമെന്നതു തങ്ങളുടെ യാത്രാലക്ഷ്യങ്ങളിലൊന്നായി വർത്തമാനപ്പുസ്തകകാരനും സഹയാത്രികനും കരുതുന്നു. യാക്കോവായേക്കാരേരുടെ തുടമാനകർത്താവ് പുത്തൻകൂറുകാരനെ കുറ്റപ്പെടുത്തി മിഷണറിവേദത്തിനു പക്ഷംപിടിക്കുമ്പോൾ വൈദേശികരുടെ ഭരണത്തിലെ ദുർന്നയങ്ങളെ നിശിതമായി വിമർശിക്കുന്നു വർത്തമാനപ്പുസ്തകാരൻ. "പുത്തൻകൂറ്റുകാർ പുനരൈക്യത്തിനായി ശ്രമിച്ചപ്പോൾ മിഷണറിമാർ അതിനെ എതിർത്തു. ഗോലിയാത്തിനെ നിഗ്രഹിച്ച ദാവീദിനെ അസൂയമൂത്തു കൊല്ലാൻ ശ്രമിച്ച ശ്ഔലിനോടാണ് ഇത്തരക്കാരെ പാറേമ്മാക്കൽ ഉപമിക്കുന്നത്."[21] ഉദയമ്പേരൂർ സൂനഹദോസിന്റെയും ലക്ഷ്യങ്ങളിലൊന്ന് ഐക്യമായിരുന്നു. എന്നാൽ ശരിയായ അറിവിന്റെയും ദർശനങ്ങളുടെയും അഭാവവും 'ആക്രമണോത്സുകമായ' തീക്ഷ്ണതയുംമൂലം മാർത്തോമ്മാനസ്രാണികളുടെ തദ്ദേശീയ സ്വത്വത്തെ വിഴുങ്ങുംമട്ടിലാണ് ഈ ഐക്യബോധം പ്രകടമായതും പ്രവർത്തിച്ചതും.

മാർഗ്ഗങ്ങളുടെ ഈ വ്യതിരിക്തത ബൈബിൾ ഉദ്ധരണികളുടെ തിരഞ്ഞെടുപ്പിലും പ്രയോഗത്തിലും പ്രകടമാണ്. പത്രോസിന്റെ അധികാരത്തെ സംബന്ധിച്ചു സംശയങ്ങളുള്ളവരാണ് ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലെ മാർത്തോമ്മാനസ്രാണി

കൾ. ഈ സംശയങ്ങളെ ദൂരീകരിക്കാനും പത്രോസിന്റെയും റോമാ മാർപ്പാപ്പായുടെയും അധികാരം ഉറപ്പിക്കാനുമാണ് കാനോനകളിൽ "ആകാശരാജിതത്തിൻെററ താക്കൊലുകൾ നെനക്കു തരുവൻ"[22] എന്ന വേദഗ്രന്ഥ ഉദ്ധരണി ചേർത്തിരിക്കുന്നത്. ക്രിസ്തുശിഷ്യനായ മാർത്തോമ്മായുടെ ശ്ലൈഹികപാരമ്പര്യത്തിലൂന്നിയിരുന്ന ജനതയെന്ന നിലയിൽ തദ്ദേശീയമായ ഭരണക്രമമടക്കം നിലനിർത്തിയിരുന്ന ഭാരതക്രൈസ്തവരെ 'പത്രോസിന്റെ നിയമ'ത്തിനു വിധേയരാക്കിത്തീർക്കുന്ന, ചരിത്രപരവും സാംസ്ക്കാരികവുമായ വലിയ പ്രസക്തിയുള്ള, പ്രക്രിയയുടെ ഭാഗമായി ബൈബിൾ മാറുകയാണിവിടെ.

മിഷണറിമാരുടെ ഈ വിശദീകരണദൗത്യത്തിന്റെ തുടർച്ച യാക്കോവായേക്കാരേരുടെ തുടമാനത്തിൽ ദൃശ്യമാണ്. "മാർ മത്തായിയുടേ അറിപ്പിൽ 12-ാം സഹായിൽ ശ്ലിഹമ്മാരുടേ മുൻമ്പാകേ മാർ പതറോസിനോട മ്ശിഹാ അരുളിചെയ്തു ഈവണ്ണം കല്ല നീ ആകുന്നു ഇക്കല്ലുമേൽ എൻേററ പള്ളി ഞാൻ പണിചെയ്യും നരകത്തിൻേററ വാതിലുകെള അതിന്ന വെലാപ്പെടുകാ ഇല്ലാ മോക്ഷത്തിൻേററ താക്കോൽ നെനക്ക ഞാൻ തരും പൂമിയിൽ നീ കെട്ടും എൻറാ വസ്ത്തു ഒക്കേ മോക്ഷത്തിൽ കെട്ടപ്പെട്ടതും പൂമിയിൽ നീ അഴിക്കുന്നത ആകാശത്തിൽ അഴിക്കപെട്ടതും അത ആകും"[23] എന്ന വചനഭാഗത്തെ[24] യാക്കോവായേക്കാരേരുടെ തുടമാനകാരൻ ഉദ്ധരിക്കുന്നത് ഇതിന്റെ ഭാഗമായാണ്. പത്രോസിന്റെ സവിശേഷാധികാരപദവിക്കു ദൃഷ്ടാന്തമായി "എൻേററ ആടുകെളേ നീ മേയിക്കാ"[25] എന്ന ക്രിസ്തുവചനവും[26] ഉദ്ധരിക്കുന്നു ഇദ്ദേഹം.

**4. പ്രതിരോധം**

പ്രതിരോധകവചമായി ബൈബിളിനെ ഉദ്ധരിക്കുന്ന ശൈലി ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലും വർത്തമാനപ്പുസ്തകത്തിലും യാക്കോവായേക്കാരേരുടെ തുടമാനത്തിലുമുണ്ട്. വിശ്വാസവിഷയങ്ങളിലെ പ്രതിരോധമാണ് ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലും യാക്കോവായേക്കാരേരുടെ തുടമാനത്തിലും ബൈബിൾ ഉദ്ധരണികളുടെ പ്രധാനലക്ഷ്യം. വിശ്വാസവിരുദ്ധരെ സൂക്ഷിക്കുകയും അകറ്റുകയും ചെയ്യണമെന്ന ഉദ്ബോധനത്തിന്റെ ഭാഗമായി യാക്കോവായേക്കാരേരുടെ തുടമാന കർത്താവ് ഉദ്ധരിക്കുന്ന ബൈബിൾഭാഗങ്ങളുടെ സാമാന്യസ്വഭാവം ചുവടെയുള്ള ഉദാഹരണങ്ങളിൽ വ്യക്തമാണ്:

"പഴേ: മാർ മതായിയേടേ അറിയിപ്പിൽ 5-ാം സഹായിൽ മ്

ശിഹാ അരുളിചെയ്തു അത ആയത ഇവണ്ണം കുഞ്ഞാട്ടിൻറേറ വേഷത്താലേ നിങ്ങടേ പക്കൽ വരുന്നു എൻറാൽ ഉള്ളിൽ നിൻറ പറിക്കുന്ന ചെന്നാകെള ആകുന്നു എൻറ കള്ളന്വ്യെൻമ്മാരിൽ നിൻറ നിങ്ങൾ സൂക്ഷിപ്പിൻ[27] എൻറ ശുത്തമാനാപള്ളിയേ കേൾക്കാത്തവെൻ കാവിയെനേപോലേ ചുൻകാക്കാരനേപോലേയും നെനക്ക അവെൻ ആകേട്ടേ[28] എൻറും... വീണ്ടും 24-ാം സഹായിൽ ഈവണ്ണം കള്ളന് വ്യേമാര... പുർപ്പെടും കഴെലാപ്പെട്ടോരേകൂടേയും തട്ടിപ്പാൻ വശമാകുന്നാ പെരുമാപെട്ട അടെയാളങ്ങെള അവെര ചെയ്യും[29] എൻറും... പിന്നേ മാർ പത്തറോസിൻറേറ രണ്ടാമത്തെ എങ്കർത്തായിൽ 2-ാം സഹായിൽ ഈവണ്ണം നശിപ്പാനുള്ള അനർത്തങ്ങള വശമാക്കുന്നാ കള്ളമൽപ്പാൻമ്മാര നിങ്ങടേ എടെയിൽ ഉണ്ടായിരിക്കും[30] എൻറും വീണ്ട മാർ പാവലോസ തെതോസിന്ന എഴുതിയാ എങ്കർത്തായിൽ 3-ാം സഹായിൽ ഈവണ്ണം... ഒൻറ രണ്ടൂഴം അവെനേ നീ പോതിപ്പിക്കുന്നാ ശേഷത്തിൽനിൻറ എടത്തൂട്ടുകാരൻ പുരുഷനിൽനിൻറ നീ ഒഴികാ: ഈവണ്ണം ആകുന്നാ അവെൻ അരുണിക്കാപെട്ടോൻ ആകുന്നു അവൻ പെഴക്കുന്നു ഇവൻ അവെനേതന്നേ അവെൻ കടത്തെലാക്കി എൻറ അറിയുന്നോൻ നീ ആകാ[31] എൻറും"[32].

കാനോനകളിൽ മിഷണറിമാരാൽ തങ്ങളുടെ അധികാരാധീശത്വത്തിനുള്ള മറയായും വർത്തമാനപ്പുസ്തകകാരനാൽ ഇതേ അധീശത്വത്തിനെതിരായ പ്രതിഷേധമായും ബൈബിൾ ഉദ്ധരിക്കപ്പെടുന്നു.

"ബൈബിൾ കഥാപാത്രങ്ങളും സംഭവങ്ങളും ഉദ്ധരണികളും വർത്തമാനപ്പുസ്തകം ഉപയോഗിക്കുന്നത് വ്യക്തമായ രാഷ്ട്രീയബോധത്തോടെയാണ്. മതകൊളോണിയലിസത്തിലെ അധിനിവേശകരും ഇരകളാക്കപ്പെടുന്ന അധീനരും തമ്മിലുള്ള സംഘർഷത്തിന്റെ നാനാമുഖങ്ങളും തീവ്രതയും അനുഭവിപ്പിക്കാൻ സംബോധിതസമൂഹത്തിനു പരിചിതമായ മണ്ഡലത്തെ താരതമ്യലക്ഷ്യത്തോടെ കൃതിയിൽ സന്നിവേശിപ്പിക്കുന്നു. വിദേശമതാധികാരികളും മിഷണറിമാരുമടക്കമുള്ള പൂർവപക്ഷത്തെ അവതരിപ്പിക്കുന്നത് ബൈബിളിലെ ദുഷ്ടകഥാപാത്രങ്ങളുടെ മാതൃകയിലാണ്. തദ്ദേശീയരാകട്ടെ, സഹനപർവങ്ങളിലൂടെ കടന്നുപോയ പൂർവപിതാക്കൾക്കു സമശീർഷരുമാകുന്നു. ബൈബിൾ സന്ദർഭങ്ങൾ ഓർത്തെടുത്തെഴുതി അന്തിമവിജയം നന്മയുടെ പക്ഷത്തുള്ള സമുദായത്തിനായിരിക്കുമെന്നു ഗ്രന്ഥകാരൻ ആവർത്തിക്കുന്നുണ്ട്."[33]

ഒരു ഖണ്ഡമാകെ നീളുന്ന വിപുലചർച്ചയാണ് രൂപങ്ങളുടെ നിർമ്മാണം, വണക്കം എന്നിവ സംബന്ധിച്ചു യാക്കോവായേക്കാരേരുടെ തുടമാനത്തിലുള്ളത്. എന്നാൽ ഈ ചർച്ചയിൽ നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, ത്രെന്തോസ് സൂനഹദോസുകളെയൊക്കെ ഉദ്ധരിക്കുമ്പോഴും[34] ഉദയമ്പേരൂർ സൂനഹദോസിനെപ്പറ്റി യാക്കോവായേക്കാരേരുടെ തുടമാനത്തിന്റെ രചയിതാവു പുലർത്തുന്ന രാഷ്ട്രീയജാഗ്രതയുള്ള മൗനവും ശ്രദ്ധേയമാണ്.

**5. തദ്ദേശീയത**

വിവർത്തനത്തിന്റെ തദ്ദേശീയശൈലികളെ കൈയൊഴിയാൻ നിർബന്ധിക്കുകയും കർശന നിർദ്ദേശങ്ങളേകുകയും ചെയ്യുന്ന ഉദയമ്പേരൂർ സൂനഹദോസ്[35] ബൈബിൾ പാരമ്പര്യത്തിന്റെയും പരിചിതവഴികളെ നിരാകരിക്കാൻ പ്രേരിപ്പിക്കുന്നു. ക്രൈസ്തവർക്കിടയിലെ ഭിന്നബൈബിൾപാരമ്പര്യങ്ങളിൽ[36] മാർത്തോമ്മാനസ്രാണികളും കിഴക്കൻസഭകളും പിന്തുടർന്നിരുന്ന ക്രമത്തെ (പ്ശീത്താ) ലത്തീൻ സഭയുടെ ബൈബിൾ പാരമ്പര്യത്തിന് (വുൾഗാത്ത) അനുരൂപമാക്കാനുള്ള ശ്രമം ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിലുണ്ട്. മാർത്തോമ്മാനസ്രാണികളുടെമേൽ നെസ്തോറിയനിസം ആരോപിച്ച് അവരുടെ മതഗ്രന്ഥങ്ങളിലെല്ലാം തിരുത്തുകൾ നിർദ്ദേശിക്കുന്ന സൂനഹദോസ് ബൈബിളിൽ വരുത്തേണ്ട തിരുത്തലുകൾക്കു മാനദണ്ഡമാക്കുന്നതു ലത്തീൻ പാരമ്പര്യത്തിലുള്ള ബൈബിളിനെയാണ്. പാഠഭേദങ്ങളെ അവഗണിക്കുന്നത് ഇന്നിന്റെ യുക്തിയല്ല. എന്നാൽ സൂനഹദോസിന്റെ രണ്ടാം മൗത്വാ രണ്ടാം യോഗവിചാരത്തിലെ രണ്ടാം കല്പന ആരംഭിക്കുന്നതുതന്നെ "തമ്പുരാൻെററ പുത്തെൻ ശാസ്ത്രത്തിലെ സുറിയാനി പുസ്തത്തിൽ സാക്ഷാൽ എഴുത്തുപെട്ടവുത്താൽ ചെല വസ്തുക്കൾ ഇല്ല"[37] എന്ന പ്രസ്താവനയോടെയാണ്. ഇതിന്റെ തുടർച്ചയിലാണ് "എഴുപത്തുരണ്ടശിഷ്യെരെ തംപുരാൻ കഴലപ്പെടുത്തി എന്ന എല്ലാ പാഷയിലും എഴുത്തുപ്പട്ടവണ്ണം ഇല്ല; എഴുപത എന്നെ ഒള്ളു"[38] എന്ന പരാമർശമുള്ളത്. ഇതേ കല്പനയിൽ പരാമർശിക്കുന്ന ഈ വചനമടക്കമുള്ള തിരുത്തലുകൾ ബൈബിളിന്റെ പ്രാദേശികമായി അംഗീകരിക്കപ്പെട്ട പാഠത്തിന്മേലും പാരമ്പര്യത്തിന്മേലുമുള്ള കടന്നുകയറ്റമാണ്.

ദേവാലയങ്ങളിൽ രൂപങ്ങൾ നിർമ്മിക്കേണ്ടതു സംബന്ധിച്ച ചർച്ച ഉദയമ്പേരൂർ സൂനഹദോസിലും യാക്കോവായേക്കാരേരുടെ തുടമാനത്തിലുമുണ്ട്. മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യ

ങ്ങളെയും വിശ്വാസാചാരങ്ങളെയും പാശ്ചാത്യവത്ക്കരിക്കാൻ വേദഗ്രന്ഥഭാഗങ്ങളെ കൂട്ടുപിടിക്കുന്ന സൂനഹദോസിന്റെ തന്ത്രം മത്തായിയുടെ സുവിശേഷം ഇരുപത്തിനാലാം അധ്യായം മുപ്പതാം വാക്യത്തിന്റെ ഉദ്ധൃതസാഹചര്യം പരിഗണിച്ചാൽ വ്യക്തമാകും. രൂപങ്ങൾ വച്ചാരാധിക്കുന്ന പതിവ് ഇവിടെ ക്രൈസ്തവർക്കില്ലായിരുന്നു; മാത്രമല്ല ആ ആരാധനസമ്പ്രദായത്തെ മറ്റു മതപാരമ്പര്യങ്ങളുടെ ഭാഗമായിക്കരുതി അകലം പാലിക്കാനും അവർ ശ്രമിച്ചിരുന്നു. രൂപങ്ങൾ നിർമിച്ചാരാധിക്കുന്ന ശൈലിക്ക് ഇവിടെ തുടക്കമാകുന്നത് ഉദയമ്പേരൂർ സൂനഹദോസോടെയാണ്. ഇതു സംബന്ധിച്ചു മാർത്തോമ്മാനസ്രാണികൾക്കിടയിൽ നിലനിന്നിരുന്ന ആശങ്ക തിരിച്ചറിയുന്ന സൂനഹദോസ് വേദവാക്യമുദ്ധരിച്ച് തങ്ങളുടെ നയത്തിന് ഉറപ്പേകുന്നു. രണ്ടാം മൌത്വാ രണ്ടാം കൂടിവിചാരം രണ്ടാം കല്പനയിൽ, “കാവ്യര തങ്ങടെ ഭഗവതികളെയും ദെവൻമ്മാരെയും വച്ച അതുംമെൽ ശരണപ്പെട്ട വിശ്വസിച്ച ആശരിക്കുന്നു എന്നപൊലെ അല്ല നാം പുണ്യവാളരുടെ രൂപങ്ങൾ ആശരിക്കുന്നു”[39] എന്നു വ്യക്തമായി പറഞ്ഞ് ആശങ്കയകറ്റിയശേഷം “മിശിഹാടെ രൂപം മിശിഹാനെ നമുക്കു കാട്ടുന്നു എന്നതിനെക്കൊണ്ടും മാർ സ്ലീവാ കുരിശുംമെൽ തൂങ്ങപ്പെട്ട കർത്താവിനെ നമുക്കു കാട്ടുന്നതിനെക്കൊണ്ടും മിശിഹാകർത്താവിനെ വന്ദിക്കെണ്ടുംവണ്ണം താൻെറ രൂപത്തെയും മാർ സ്ലീവായയും വന്ദിക്കണം. മർത്തമറിയത്തുംമായയും പുണ്യവാളരെയും വന്ദിക്കുംവണ്ണം അവരുടെ രൂപങ്ങളയും വന്ദിക്കണം” എന്നു പഠിപ്പിക്കുന്നു. ഇതിന് ഉപോദ്ബലകമായി “മിശിഹാകർത്താവ മത്തായിയുടെ അറിയിപ്പിൽ അരുളി ചൈതു” എന്ന മുഖവുരയോടെ “മാർ സ്ലീവായെ ചൊദ്യത്തിനുടെ ദിവസത്തിൽ എല്ലാവർക്കും എടവിദാനത്തുംകൽ കാണ്മാറാകും”[40] എന്ന ബൈബിൾ തർജ്ജമയും ചേർക്കുന്നു.

താരതമ്യാപഗ്രഥനത്തിൽ ഈ വാക്യത്തിന്റെ വിവർത്തന സ്വരൂപം സവിശേഷ ശ്രദ്ധയർഹിക്കുന്നു. മറ്റു ബൈബിൾ തർജ്ജമകളെല്ലാം ‘മനുഷ്യപുത്രന്റെ അടയാളം’ എന്നു വിവർത്തനം ചെയ്തിരിക്കുന്ന സ്ഥാനത്ത് ഉദയമ്പേരൂർ സൂനഹദോസ് മാത്രം ‘മാർ സ്ലീവാ’ എന്നാണു ചേർക്കുന്നത്. ‘കുരിശ്’ എന്നതിനു സമാന്തരമായി സുറിയാനിയിൽ ഉപയോഗിക്കുന്ന പദമാണു ‘സ്ലീവാ’. കുരിശിൽ തറയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള ഈ പദം ‘സ്ല്വ്’ എന്ന ക്രിയാപദത്തിൽ നിന്നുത്ഭവിക്കുന്നതാണ്. ഉത്ഥിതനായ മിശിഹായുടെ പ്രതീകമെന്ന നിലയിൽ സ്ലീവാ പൗരസ്ത്യ സഭകളിൽ വണങ്ങപ്പെടുന്നു.[41] പാശ്ചാത്യ സഭകളിൽനിന്നു വിഭിന്നമായി ക്രൂശിതനു പകരം

ഉത്ഥിതനിൽ ആരാധന കേന്ദ്രീകരിക്കുന്നതാണു പൗരസ്ത്യ ദൈവശാസ്ത്രം. ദൈവശാസ്ത്രപരമായ ഈ വീക്ഷണവ്യതിയാനത്തെ സൂക്ഷ്മമായി തുടച്ചുനീക്കാൻ വഴിയൊരുക്കുന്നുണ്ട് മുകളിൽ സൂചിപ്പിച്ച കാനോന. സ്ലീവാ എന്ന പദമുൾച്ചേർത്ത വേദവാക്യത്തെ കൂട്ടുപിടിച്ച് പാശ്ചാത്യ മാതൃകയിലുള്ള രൂപങ്ങൾക്കു ദേവാലയങ്ങളിൽ പ്രവേശനവും ഇടവും ഉറപ്പിക്കുകയാണു സൂനഹദോസ്. പാശ്ചാത്യ ശില്പകലയുടെയും വാസ്തുവിദ്യയുടെയും ആകർഷകത്വം ദേവാലയങ്ങൾക്കു കൈവരാൻ ഇതിടയാക്കിക്കിയെങ്കിലും സ്ലീവായുടെ സ്ഥാനങ്ങളിൽ പാശ്ചാത്യ ശൈലിയിലെ ക്രൂശിതരൂപങ്ങളും മറ്റു രൂപങ്ങളും നിറയ്ക്കാനും ദൈവശാസ്ത്രപരമായ ഒരു വ്യതിരിക്തതയെ നീക്കിക്കളയാനും ഇതുവഴി സൂനഹദോസിനു കഴിഞ്ഞു.

'എടവിദാനം' (ഇടവിതാനം) മറ്റു തർജ്ജമകളിലെല്ലാം ആകാശമായി മാറുന്നതിനെ സ്വാധീനിച്ച ഭാഷാ, സാംസ്കാരിക ഘടകങ്ങളും പരിശോധിക്കാവുന്നതാണ്. വിശ്വാസവിഷയങ്ങളിലെ സൂക്ഷ്മത സൂനഹദോസിനു സുപ്രധാനമാണ്. സൂനഹദോസ് കാനോനകളിൽ ആകാശം എന്ന പദം ഉപയോഗിച്ചിരുക്കുന്നത് സ്വർഗ്ഗത്തെക്കുറിക്കാനാണ്. Heavenly Salvation (salus caelestis) 'ആകാശമൊക്ഷ'മാകുമ്പോൾ പത്രോസിനു മിശിഹാ നല്കുന്ന വാഗ്ദാനം "ആകാശരാജിതത്തിൻെറ താക്കൊലുകൾ നെനക്കു തരുവൻ" എന്നതാണ്. 'സ്വർഗ്ഗസ്ഥനായ പിതാവേ...' എന്ന പ്രാർത്ഥന ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിൽ സൂചിതമാകുന്നത് 'ആകാശങ്ങളിൽ ഇരിക്കുന്ന...' എന്നാണുതാനും. സ്വർഗ്ഗത്തിനും ഭൂമിയ്ക്കുമിടയിൽ മനുഷ്യനു ദൃഷ്ടിഗോചരമായ ഇടത്തെക്കുറിക്കാനാണ് എടവിതാനം എന്ന സൂക്ഷ്മമായ പദതിരഞ്ഞെടുപ്പ് ഇവിടെ സാധിച്ചിരിക്കുന്നത്. ദൈവശാസ്ത്രപ്രതിപാദനങ്ങളിൽ മിഷണറിമാർ പുലർത്തിയ ഭാഷാസൂക്ഷ്മതയുടെ തെളിവായി ഇതിനെ മനസ്സിലാക്കണം.

എത്രയൊക്കെ ശാഠ്യങ്ങൾ പുലർത്തിയാലും സൂക്ഷ്മ വിടവുകളിലൂടെ ലക്ഷ്യസമൂഹത്തിന്റെ സാംസ്കാരിക മുദ്രകളും ഭാഷാശൈലികളും തർജ്ജമകളിൽ നുഴഞ്ഞുകയറുകതന്നെ ചെയ്യുമെന്നതിനും കാനോനകളിൽത്തന്നെ ഉദാഹരണങ്ങളുണ്ട്. യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം പതിനാലാം വാക്യത്തെ മുൻനിർത്തി ഇതു വ്യക്തമാക്കാം. ഉദയമ്പേരൂർ സൂനഹദോസ് കാനോനകളിൽ ഈ വാക്യം "വചനം മാംസമായി നമ്മിൽ കുടിഇരുന്നു"[42] എന്നാണു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. റമ്പാൻ ബൈബിളിൽ

ഇതേ വാചകം "വചനം മാംസം അതായി നമ്മിൽ അത ആവാസിച്ചു" എന്നും ബെയ്‌ലി ബൈബിളിൽ "വചനം ജഡമായി ഭവിച്ചു നമ്മുടെ ഇടയിൽ കൃപകൊണ്ടും സത്യംകൊണ്ടും പരിപൂർണ്ണമായി വസിക്കയും ചെയ്തു" എന്നുമാണു പ്രത്യക്ഷപ്പെടുന്നത്. ഗുണ്ടർട്ടു ബൈബിളിലെത്തുമ്പോൾ "വചനം ജഡമായി ചമഞ്ഞു കൃപയും സത്യവുംകൊണ്ടു പൂർണ്ണനായി നമ്മിൽ കുടിപാർത്തു" എന്നാകുന്ന ഈ വചനം സത്യവേദപുസ്തകത്തിൽ "വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു" എന്നും പി.ഒ.സി. ബൈബിളിൽ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു"എന്നുമുള്ള രൂപങ്ങളാർജ്ജിക്കുന്നു. മൂലഭാഷകളോടുള്ള ഐക്യം സുപ്രധാനമെന്ന കാഴ്ചപ്പാടിൽ വിവർത്തനം ചെയ്യപ്പെട്ട പഠനബൈബിളിലാകട്ടെ "വചനം മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു" എന്നതാണു വിവർത്തിതരൂപം. കൂടാരമെന്നർത്ഥമുള്ള 'എസ്കെനോസെൻ' എന്ന ഗ്രീക്കുപദമാണു മൂലരൂപം. മൂലത്തോടുള്ള വിശ്വസ്തത അളക്കുകയല്ല, മൂലകൃതിയിലെ പദത്തിന് ആ സംസ്ക്കാരത്തിലുള്ള പ്രാധാന്യത്തെ പരിഗണിക്കുകയാണിവിടെ. ബൈബിളെഴുതപ്പെട്ട യഹൂദസംസ്ക്കാരത്തിൽ കൂടാരമടിക്കൽ സാംസ്ക്കാരികവും ചരിത്രപരവുമായ വലിയ വിവക്ഷകളുള്ള പദമാണ്. നാല്പതാണ്ടുകൾ നീണ്ട പുറപ്പാടിന്റെ സ്മൃതികൾ പേറുന്ന യഹൂദർക്കു കൂടാരം ദൈവസാന്നിധ്യത്തിന്റെ പ്രതീകം തന്നെയാണ്.[43] ക്രിസ്തുവിനെ മനുഷ്യർക്കിടയിൽ അവതരിച്ച ദൈവസാന്നിധ്യമെന്നു വിശേഷിപ്പിക്കാൻ യോഹന്നാൻ ഉപയോഗിക്കുന്ന സൂചകമാണ് "കൂടാരമടിച്ചു" എന്ന പ്രയോഗം. കൂടാരമടിക്കൽ കുടിയിരിക്കലായും ആവാസമായും കുടിപാർക്കലായുമൊക്കെ പരിഭാഷപ്പെടുമ്പോൾ സാംസ്ക്കാരികമായ ഊന്നലുകളിലും മാറ്റങ്ങളുണ്ടാകുന്നു. കുടിയിരിക്കൽ മലയാളിയുടെ ഭാഷാശൈലിയാണെങ്കിൽ കൂടാരമടിക്കലെന്ന ഭാഷാവ്യവഹാരത്തിൽ യഹൂദന്റെ സാംസ്ക്കാരിക ജീവിതത്തിന്റെ മുദ്രകളുണ്ട്.

**ഉപസംഹാരം**

മതസാഹിത്യഗ്രന്ഥങ്ങളിൽ ബൈബിളിനു കൈവന്ന പ്രചാരം അതുല്യമാണ്. തദ്ദേശീയഭാഷകളിലേക്കു ബൈബിൾ സംക്രമിച്ചപ്പോൾ ആ ഭാഷകളുടെ യുക്തികളെപ്പോലും നിയന്ത്രിക്കുവാൻ തക്ക മേല്ക്കൈ ഈ ഗ്രന്ഥം നേടിയെടുത്തതിനു ചരിത്രത്തിൽ തെളിവുകൾ ഒട്ടനവധിയുണ്ട്. മലയാളത്തിലും സ്ഥിതി ഭിന്നമല്ല. ഭാഷയിലും സാഹിത്യത്തിലും ബൈബിൾ ചെലുത്തിയ സ്വാധീനം ഏറെ പഠിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല ഇന്നും തുടർച്ചകളതിന്

ഉണ്ടാകുന്നുമുണ്ട്. ബൈബിൾ തർജ്ജമയുടെ മലയാളവഴികളിൽ സാംസ്ക്കാരികമായ ഒരു വിശകലനത്തിനുള്ള ഉദ്യമമാണ് ഈ പ്രബന്ധം. മലയാളത്തിൽ ലഭ്യമായ പുരാതന ക്രൈസ്തവരേഖകളിൽ ശ്രദ്ധേയങ്ങളായ ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ, വർത്തമാനപ്പുസ്തകം, യാക്കോവായേക്കാരേരുടെ തുടമാനം എന്നിവയിലെ ബൈബിൾ ഉദ്ധരണികളെ സാംസ്ക്കാരികാപഗ്രഥനത്തിനു വിഷയമാക്കി ചില പുതുനോട്ടങ്ങൾ സാധ്യമാക്കുകയാണിവിടെ. ഉദ്ധരിക്കപ്പെടുന്നത് ഒരേ കൃതിയിൽ നിന്നെങ്കിലും ഉദ്ധൃതസാഹചര്യങ്ങളും അവയുടെ ലക്ഷ്യങ്ങളും ഭിന്നമാണ്. മതഗ്രന്ഥം രാഷ്ട്രീയ സ്വഭാവമാർജ്ജിക്കുന്നതിന്റെ സൂചനകളിവിടെ സുലഭമാണ്. അധികാരാർജ്ജനത്തിനുള്ള ഉപാധിയായും പ്രതിരോധത്തിനുള്ള ഉപകരണമായും ഒരേ കൃതി ഉപയുക്തമാക്കപ്പെടുന്നു. ആധിപത്യത്തിനായുധമാകുന്ന കൃതിതന്നെ സമാശ്വാസകേന്ദ്രമായും ഭവിക്കുന്നു. വൈദേശികമായ കൃതി അധികാരത്തിന്റെ കർക്കശനിയന്ത്രണങ്ങൾക്കിടയിലും തദ്ദേശീയതയെ പുണരുന്നതിന്റെ ദൃശ്യങ്ങളും ഈ പഠനവഴികളിൽ തെളിയുന്നു.

**കുറിപ്പുകൾ**

1. ക്രൈസ്തവ വേദഗ്രന്ഥമെങ്കിലും യൂറോപ്യൻ മതനവീകരണത്തിനു മുമ്പ് ബൈബിൾ “വേദവിജ്ഞാനികൾക്കുമാത്രം പാരായണം ചെയ്യാനുള്ളതും വിശ്വാസികൾക്കു വണങ്ങാനുമുള്ളതായിരുന്നു”. -സ്കറിയാ സക്കറിയ, ബൈബിൾ തർജമകൾ മലയാളത്തിൽ, *മലയാള വഴികൾ - 1* സ്കറിയാ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, എസ്.പി.സി.എസ്.: കോട്ടയം, 2019, പു. 253.
2. cf. Toms Joseph, Translation, Imagination and Politics: The Bible Translations in the Acts and Decrees of Synod of Diamper, Malayalam Literary Survey, Vol. 43, Issue 2, April - June 2023, p 19 - 20.
3. മാന്നാനം സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സിലെ MS Mannanam Syriac 74 എന്ന കൈയെഴുത്താണ് വേദതർക്കമെന്ന കൃതിയുടേതായി കരുതപ്പെടുന്ന കണ്ടുകിട്ടിയിട്ടുള്ള സുപ്രധാന മൂലപാഠം. സുറിയാനിമലയാളത്തിലുള്ള ഈ രേഖയുടെ ഒരു ഭാഗം മലയാളലിപിയിലേക്കു പകർത്തി, *വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക* എന്ന പേരിൽ, പ്രസാധനം സാധ്യമാക്കിയ എമ്മാനുവൽ ആട്ടേൽ കരിയാറ്റി യൗസേപ്പുമല്പാനെ വേദതർക്കത്തിന്റെ രചയിതാവായി കരുതി. മാന്നാനം രേഖയോടൊപ്പം ചേർത്തിരിക്കുന്ന Catechism of Dr. Joseph Cariatti with the approval letter of Bishop Florence in Karson ie: in Malayalam written in Chaldean characters എന്നു മുദ്രണം ചെയ്തിട്ടുള്ള കടലാസിനെ മുൻനിർത്തിയുള്ളതാണ് ഈ നിഗമനം. ജൂതനും മുസ്ലീമും കാവ്യനും ക്രിസ്ത്യാനിയും തമ്മിൽ നടത്തുന്ന വേദാധിഷ്ഠിതവാദം, യാക്കോവായേക്കാരേരുടെ തുടമാനം, പുത്തൻകൂറ്റുകാരോടു പറയുവാനുള്ള ചോദ്യോത്തരങ്ങൾ എന്നിങ്ങനെ മൂന്നു പ്രബന്ധങ്ങളുള്ള ഈ രേഖയുടെ ആദ്യ രണ്ടു ഭാഗങ്ങളുടെ കർത്താ

വായാണ് കരിയാറ്റിയെ എമ്മാനുവൽ ആട്ടേൽ പരിഗണിക്കുന്നത്. ഈ രേഖയുടെ അന്ത്യഭാഗത്തുള്ള പ്രബന്ധത്തിന്റെ കർത്താവ് അന്നത്തെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഫ്ളോറൻസ് മെത്രാപ്പോലീത്തായായാണെന്നു പാഠാരംഭത്തിലുള്ള പെൻസിൽ കുറിപ്പിനെ ആധാരമാക്കി അദ്ദേഹം പ്രസ്താവിക്കുന്നു.

എന്നാൽ MS Mannanam Syriac 74 നാലു വ്യത്യസ്ത രചയിതാക്കളാൽ വിരചിതമായ നാലു വ്യത്യസ്ത കൃതികളുടെ സമാഹാരമാണെന്നാണ് ചില പില്ക്കാല പഠിതാക്കളുടെ മതം. ഇതിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലാണ് യാക്കോവായേക്കാരേരുടെ തുടമാനം ആകുന്നത് ഇത്, വേദതർക്കം - സകല ഞായ നൻമ്മ മുൻപിലത്തെ തർക്കം ഇത് എന്നീ തലക്കെട്ടുകളിലുള്ള പ്രബന്ധങ്ങൾ കാണുന്നത്. വേദതർക്കം - സകല ഞായ നൻമ്മ മുൻപിലത്തെ തർക്കം ഇത് എന്ന പ്രബന്ധത്തിന്റെ രചയിതാവായി കരിയാറ്റി മല്പാനെ കരുതാമെങ്കിലും എമ്മാനുവൽ ആട്ടേലിന്റെ ഗ്രന്ഥത്തിനു വിഷയീഭവിച്ചിരിക്കുന്ന യാക്കോവായേക്കാരേരുടെ തുടമാനം ആകുന്നത് ഇത് എന്ന പ്രബന്ധത്തിന്റെ കർത്താവിനെ സംബന്ധിച്ച് അവ്യക്തതകൾ നിലനില്ക്കുന്നു.

4. സ്കറിയാ സക്കറിയ, സംവേദനവും മലയാളവും, *മലയാള വഴികൾ - 1* സ്കറിയാ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, എസ്.പി.സി.എസ്.: കോട്ടയം, 2019, പു. 68.
5. പ്ലേറ്റോ, തെയിറ്റീറ്റസ്, രാജേന്ദ്രൻ, ഡി. (വിവ.), കേരള സാഹിത്യ അക്കാദമി: തൃശൂർ, 2011, പു. 9.
6. "ഉടയതമ്പുരാൻ മനഗുണം ചെയ്ത ഞങ്ങളുടെ ജാതിയുടെ കണ്ണു തുറക്കുമ്പൊൾ പണ്ടൊരിക്കൽ അത്തല്യാ എന്ന ദുഷ്ടസ്ത്രീക്കു അനുഭവിച്ചപൊലെ നിനക്കും വന്നു സംഭവിപ്പാൻ പൊരും" - പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, OIRSI: കോട്ടയം, 1989, പു. 405.
7. cf. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ജോസഫ് പുതുക്കുളങ്ങര, വേദപുസ്തകം വർത്തമാനപ്പുസ്തകത്തിൽ, OIRSI: കോട്ടയം, 2011, പു. 94 - 95.
8. cf. എം. സന്തോഷ്, ആധുനികഗദ്യരൂപീകരണത്തിൽ മിഷണറിമാരുടെ സംഭാവനകൾ, മിഷണറിഭാഷാശാസ്ത്രം, എം. ശ്രീനാഥൻ (ചീഫ് എഡി.), തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല: തിരൂർ, 2017, പു. 227 - 236.
9. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, OIRSI: കോട്ടയം, 1989, പു. 202.
10. പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, OIRSI: കോട്ടയം, 1989, പു. 356.
11. cf. ജോസ് ജോർജ്, യാത്രാസാഹിത്യവും എഴുത്തുപ്രമാണങ്ങളും, ചെങ്ങഴി, വാല്യം 1, ലക്കം 10, ജൂലൈ - ഡിസംബർ 2023, പു. 70 - 72.
12 പാറേമ്മാക്കൽ ഗോവർണദോർ, വർത്തമാനപ്പുസ്തകം, OIRSI: കോട്ടയം, 1989, പു. 454 - 455.
13. നട. 27, 1 - 44.
14. ജോസ് ജോർജ്, വർത്തമാനപ്പുസ്തകം: കർത്തൃത്വരൂപീകരണത്തിന്റെ പ്രശ്നങ്ങൾ (PhD Thesis), മഹാത്മാഗാന്ധി സർവകലാശാല: കോ

ട്ടയം, പു. 89.
15 ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ജോസഫ് പുതുക്കുളങ്ങര, വേദപുസ്തകം വർത്തമാനപ്പുസ്തകത്തിൽ, OIRSI: കോട്ടയം, 2011, പു. 87 – 88.
16. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 55.
17. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 71.
18. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 16.
19. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 52.
20. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 47.
21. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ജോസഫ് പുതുക്കുളങ്ങര, വേദപുസ്തകം വർത്തമാനപ്പുസ്തകത്തിൽ, OIRSI: കോട്ടയം, 2011, പു. 94.
22. സ്കറിയാ സക്കറിയ (എഡി.), ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്: ഇടമറ്റം, 1998, പു. 138.
23. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 77.
24. മത്താ. 16, 18 – 20.
25. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 78.
26. യോഹ. 21, 15 – 18.
27. മത്താ. 7, 15 – 16.
28. മത്താ. 18, 17.
29. മത്താ. 24, 24.
30. 2 പത്രോ. 2, 1.
31. തീത്തോ. 3, 10 – 11.
32. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 56 – 57.
33. ജോസ് ജോർജ്, വർത്തമാനപ്പുസ്തകം: കർത്തൃത്വരൂപീകരണത്തിന്റെ പ്രശ്നങ്ങൾ (PhD Thesis), മഹാത്മഗാന്ധി സർവകലാശാല: കോട്ടയം, പു. 89.
34. എമ്മാനുവൽ ആട്ടേൽ, വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം, 2010, പു. 127.
35. സ്വതന്ത്രവിവർത്തനത്തിൽനിന്നു മൂല-ലക്ഷ്യ പാഠങ്ങളുടെ സമമൂല്യതയിലേക്കുള്ള നയമാറ്റം ഇവിടെ നിർദ്ദേശിക്കുന്നു. ബൈബിൾ വിവർത്തനങ്ങളിലൂടെയാണു പദാനുപദ വിവർത്തനശൈലി മലയാളത്തിൽ പ്രചരിച്ചുറയ്ക്കുന്നത്. സവിശേഷ സാംസ്കാരികപരിസരങ്ങളിലും ഭാഷാസന്ദർഭങ്ങളിലും രൂപമെടുത്ത മൂലകൃതിയെ തത്തുല്യമായ പദങ്ങളിൽ മറ്റു ഭാഷകളിലേക്കു പകർത്തണമെന്ന ശാഠ്യം ബൈബിൾ തർജ്ജമകളെ ഏറെ സ്വാധീനിച്ചിരുന്നു. വിവർത്തനത്തിലെ സാംസ്കാരികാനുരൂപണത്തിന്റെ സാധ്യതകളും വാതിലുകളും കൊട്ടിയടയ്ക്കപ്പെടുകയാണിവിടെ.

36. “The first translation of the Bible ever made was the one from Hebrew to Greek (Septuagint, c.3rd century BC). Two other early translations were the Peshitta (meaning ‘simple’) in Syriac and the Vulgate in Latin. These three translations, the Septuagint, Peshitta and Vulgate became the official translations of the Bible for the Greek, Syriac and Latin speaking churches respectively.” - Andrews Mekkattukunnel (ed.), Mar Thoma Margam: The Ecclesial Heritage of St Thomas Christians, OIRSI: Kottayam, 2012, p. 23.
37. സ്കറിയാ സക്കറിയ (എഡി.), ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്: ഇടമറ്റം, 1998, പു. 129.
38. ലൂക്കാ 10, 1.
39. സ്കറിയാ സക്കറിയ (എഡി.), ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്: ഇടമറ്റം, 1998, പു. 127.
40. മത്തായി 24, 30.
41. cf. ജോസഫ് കല്ലറങ്ങാട്ട്, ദൈവശാസ്ത്ര നിഘണ്ടു, OIRSI: കോട്ടയം,1996, പു.648-649.
42. സ്കറിയാ സക്കറിയ (എഡി.), ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്: ഇടമറ്റം, 1998, പു. 123.
43. പാളയത്തിനു പുറത്ത്അകലെയായി മോശ ഒരു കൂടാരമടിക്കുക പതിവായിരുന്നു. അവൻ അതിനെ സമാഗമകൂടാരമെന്നു വിളിച്ചു. കർത്താവിന്റെ ഹിതം അറിയാൻ ആഗ്രഹിച്ചവരൊക്കെ പാളയത്തിനു വെളിയിലുള്ള ഈ കൂടാരത്തിലേക്കു പോയിരുന്നു.- പുറപ്പാട്33, 7. അപ്പോൾ ഒരു മേഘം സമാഗമകൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു. മോശയ്ക്കു സമാഗമകൂടാരത്തിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല; കാരണം, മേഘം അതിനെ ആവരണം ചെയ്തിരുന്നു. കർത്താവിൻെറ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നിരുന്നു.- പുറപ്പാട്40, 34-35.

**ഗ്രന്ഥസൂചി:**


ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ജോസഫ് പുതുക്കുളങ്ങര 2011 *വേദപുസ്തകം വർത്തമാനപ്പുസ്തകത്തിൽ*, OIRSI: കോട്ടയം.

എമ്മാനുവൽ ആട്ടേൽ 2010 *വേദതർക്കത്തിന്റെ ഭാഷാശാസ്ത്രഭൂമിക*, കാർമൽ പബ്ലിഷിങ് ഹൗസ്: തിരുവനന്തപുരം.

കൃഷ്ണൻകുട്ടി, കെ.പി. 2019 *വിവർത്തനത്തിന്റെ രാഷ്ട്രീയവും രാഷ്ട്രീയത്തിന്റെ വിവർത്തനവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.

ജയാസുകുമാരൻ 2011 *ബംഗാളി നോവലുകൾ മലയാളത്തിൽ: വിവർത്തനപഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും*, താരതമ്യ പഠനസംഘം: ചങ്ങനാശ്ശേരി.

തമ്പി, റോസി 2009 *ബൈബിളും മലയാളവും*, ക്രൈസ്തവ സാഹിത്യ സമിതി: തിരുവല്ല.

തോമ്മാ, ബർണാർദ് 1992 *മാർതോമ്മാക്രിസ്ത്യാനികൾ*, പെല്ലിശ്ശേരി പബ്ലിക്കേഷൻസ്: കോട്ടയം.

തോമസ്, പി.ജെ. 1961 *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, എസ്.പി.സി.എസ്.: കോട്ടയം.

പാറേമ്മാക്കൽ ഗോവർണദോർ 1989 *വർത്തമാനപ്പുസ്തകം*, OIRSI: കോട്ടയം.
പോൾ പള്ളത്ത് 2016 *ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും*, ജോസഫ് കൊല്ലാറ (trans.), HIRS പബ്ലിക്കേഷൻസ്: ചങ്ങനാശ്ശേരി.
സക്കറിയ, സ്കറിയ 2019 *മലയാള വഴികൾ - 1 & 2 സ്കറിയ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, എസ്.പി.സി.എസ്.: കോട്ടയം.
സക്കറിയ, സ്കറിയ (എഡി.) 1998 *ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ*, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്: ഇടമറ്റം.
Mekkattukunnel, Andrews (ed.). 2012 *Mar Thoma Margam: The Ecclesial Heritage of St Thomas Christians*, OIRSI: Kottayam.
Pallath, Paul. 2010 *The Catholic Church in India*. OIRSI: Kottayam.

**റ്റോംസ് ജോസഫ്**
അസി. പ്രൊഫസർ
മലയാളവിഭാഗം
സെന്റ് ബർക്കുമൻസ് കോളജ്
ചങ്ങനാശ്ശേരി 686101
Ph: 9526495868
Email: tomsjosephtjk@gmail.com
ORCID: 0009-0002-7151-4255